schools and not secondary schools, whether there is any system of submitting grant bills for payments by Government?

Rao Sahib I. N. Menon.—Grant bills are passed after the Education Act by the District Educational Councils and not by the Inspecting officer. But control is exercised by them. If the Hon'ble Member will look to rule 16 of the grant-in-aid code, Madras, he will find that Inspecting officers are empowered and directed to see that these conditions on which grants are given are fully adhered to.

Dr. A. R. Menon.—The grant given in British India is much less than the grant given here.

Rao Sahib I. N. Menon.—It is much more favourable here than anywhere else in India.

Mr. K. M. Ibrahim.—Cranganur being one of the most famous coir centres will the Government kindly consider the possibility of starting a coir Industrial school there?

Mr. President.—It does not arise from this question.

Scarcity of Toddy for sale at the beginning of the year.

231. മിസ്റ്റർ കെ. എസ്സ്. പണിക്കർ.— താഴെ പറയുന്ന ചോദ്യങ്ങൾക്ക മറുപടി പറയുവാൻ ഗവർമ്മെണ്ടിന്ന ദയവുണ്ടാകുമോ:—

(എ) കള്ളു ഷാപ്പ് ലേലക്കാർക്ക കൊല്ലാരംഭത്തിൽ വില്പനക്കാവശ്യമായ കള്ളു കിട്ടാതെ വളരെ നഷ്ടകഷ്ടം നേരിടുന്നതായി ഗവർമ്മെണ്ടിന്നറിയാമോ:—

(ബി) ഉണ്ടെങ്കിൽ ഷാപ്പു ലേലക്കാർക്ക നേരിട്ടുകൊണ്ടിരിക്കുന്ന ആവക നഷ്ടകഷ്ടങ്ങൾക്ക പരിഹാരമുണ്ടാക്കത്തക്ക പദ്ധതികൾ ഏർപ്പെടുത്താമോ?

രാമവർമ്മതമ്പുരാൻ.--- (എ) ഇങ്ങിനെ നഷ്ടകഷ്ടം നേരിടുന്നതായി യാതൊരു ആവലാതിയും ഉണ്ടായതായി കാണുന്നില്ല.

(ബി) കർക്കടകമാസത്തിൽതന്നെ വൃക്ഷഡ്യൂട്ടി അടച്ച് തെങ്ങുകൾ (അല്ലെങ്കിൽ പനകൾ) ശരിപ്പെടുത്തി ചിങ്ങം ഫ-ാംനു-ക്ക കള്ളുണ്ടാക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യാൻ കള്ളു ഷാപ്പു ലേലക്കാർക്ക നിയമപ്രകാരം കഴിവുണ്ടായിരിക്കെ, ഈ സംഗതിയിൽ യാതൊരു നഷ്ടകഷ്ടങ്ങളും ക്രൂടാതെ കഴിപ്പാൻ അവർക്ക സാധിക്കുന്നതും അതിന്ന പ്രത്യേകമായി യാതൊരു നൂതനപദ്ധതിയും ഏർപ്പെടുത്തേണ്ട ആവശ്യമില്ലാത്തതും ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— തെങ്ങിൽ കള തല്ലിത്തുടങ്ങിയാൽ എത്ര ദിവസം കഴിയണം കള്ള് കിട്ടുവാനായിട്ട്?

Mr. President.—There ought to be a limit to put irrelevant questions like this.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— കർക്കടകമാസത്തിൽ കള്ള് ചെത്തിത്തുടങ്ങാമെന്നു പറയുന്നു. അങ്ങിനെ ചെത്തിത്തുടങ്ങിയാൽ കള്ള് കിട്ടുവാനായിട്ട് എത്രമാസം കഴിയണമെന്നാണ് ചോദിയ്ക്കുന്നത്.

മിസ്റ്റർ വി. കെ. കുട്ടി.— ഏതു മാസത്തിലാണ് ലേലംനടത്തുന്നത്?

രാമവമ്മതമ്പുരാൻ.— മേടം, ഇടവം, മിഥുനം ഈ മാസങ്ങളിൽ ലേലം നടത്തും. കാലേക്കൂട്ടിത്തന്നെ അപേക്ഷിച്ചാൽ കാലേക്കൂട്ടി വൃക്ഷങ്ങൾ ചെത്തുവാൻ അനുവാദം കൊടുക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— അപേക്ഷിയ്ക്കുന്ന അവസരത്തിൽ പണം അടക്കണ്ടേ?

രാമവമ്മതമ്പുരാൻ.— പണമടച്ചു് അപ്ലിക്കേഷൻ അയച്ചാൽ ഉടനെതന്നെ ലൈസൻസു കൊടുക്കും. അതിനു വലിയ ദോഷവും ബുദ്ധിമുട്ടും ഒന്നും നേരിടുകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— പണമടച്ചു് അപേക്ഷകൊടുത്തതിനുശേഷം കള്ള് കിട്ടിയില്ല എന്നുകണ്ടാൽ പണം മടക്കിക്കൊടുക്കുമോ?

രാമവമ്മതമ്പുരാൻ.— ഇല്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— കള്ള് കുടി നിറുത്തുവാൻ ഗവർമ്മെണ്ടിൽനിന്നും എന്തെങ്കിലും ചെയ്യുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.— പലതും ചെയ്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ആദ്യം ചെത്തിത്തുടങ്ങിയ തെങ്ങിൽ കള്ള് കിട്ടുന്നില്ലെങ്കിൽ പകരം വൃക്ഷങ്ങൾ ചെത്തുവാൻ അനുവദിയ്ക്കുമോ?

രാമവമ്മതമ്പുരാൻ— അനുവദിക്കാറുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— മുൻകൂട്ടി പണമടച്ചപേക്ഷിച്ചാൽ ചിങ്ങം ഫ-ാംനു- മുമ്പുതന്നെ ചെത്തു തുടങ്ങുന്നതക്കവണ്ണം ലൈസൻസു കൊടുത്തുകൂടേ?

രാമവമ്മതമ്പുരാൻ.— ലൈസൻസിൻപ്രകാരം ചിങ്ങം ഒന്നാം തിയ്യതി മുതൽക്കേ ചെത്തുതുടങ്ങുവാൻ പാടുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ആദ്യംതന്നെ കുറെശ്ശെ കുറെശ്ശെയായി ചെത്തിത്തുടങ്ങിയാലല്ലേ കുറെദിവസം കഴിയുമ്പോഴെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

കള്ള് കിട്ടുകയുള്ളൂ? ചിങ്ങമാസം ഒന്നാം തീയതിമുതൽ ചെത്തിത്തുടങ്ങുകയാണെങ്കിൽ 5൫ ആയിരമോ 6൦ ആയിരമോ ഉറുപ്പികയ്ക്കു ലേലം പിടിച്ചിട്ടുള്ള ഷാപ്പുടമസ്ഥന്മാർക്ക് അവർ ചിലവാക്കിയ സംഖ്യയ്ക്ക് ആ തീയതിമുതൽ കിട്ടുന്ന കള്ള് മതിയാകുമോ?

രാമവർമ്മതമ്പുരാൻ.--- ഡിപ്പാർട്ടുമെൻറിലെ രൂപം അനുസരിച്ചുമാത്രമേ അനുവദിയ്ക്കുവാൻ നിവൃത്തിയുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.--- നികുതിയനുസരിച്ചുള്ള പഴയ തെങ്ങുകൾമാത്രമെങ്കിലും ചിങ്ങം ഫ൫-ാംനു-വരെ ചെത്തുവാൻ ഗവർമ്മെണ്ടിൽനിന്നും ദയവായി അനുവാദം കൊടുക്കുമോ?

രാമവർമ്മതമ്പുരാൻ.--- ഇതു് പലവിധത്തിലുള്ള കളവുകളും ചെയ്യുന്നതിന് എളുപ്പമുള്ള ഒരു വിഷയമാണു്. അതുകൊണ്ടു് ഇതിനെപ്പറ്റി ക്രൂടതൽ ആലോചിച്ചുവേണം ഒരു മറുപടി പറയുവാൻ. മെമ്പർക്കു് ഈ സംഗതിയെപ്പറ്റി അറിയണമെന്നു താല്പര്യമുണ്ടെങ്കിൽ പ്രത്യേകം ചോദിച്ചാൽ ആലോചിച്ചു മറുപടി പറയാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഒരുകാലത്തു നമ്മുടെ മഹാരാജാവായി വരേണ്ട ഒരു മഹാനുഭാവൻ ഈ ഡിപ്പാർമെൻറിലെ മേലദ്ധ്യക്ഷനായിരിയ്ക്കുന്ന സ്ഥിതിയ്ക്കു് പ്രത്യേകിച്ചും അദ്ദേഹത്തിന് ഇതിനെപ്പറ്റി അന്വേഷിയ്ക്കുവാൻ ദയവുണ്ടാകുമോ?

Mr. President—That question does not arise from this.

Work of the Agricultural Inspector in the Vyttila Cocoanut Farm.

232. Mr. A. Narayana Menon.—Will the Government be pleased to state:—

(1) over what area has the above officer jurisdiction;

(2) what are the duties of this officer;

(3) does he submit his daily diaries to the Superintendent of Agriculture; if so, at what intervals;

(4) has he given practical demonstration to the Agriculturists at any time in the last one year; if so, to whom and in which places;

(5) does this officer volunteer his services to the Agriculturists; if so, in how many cases has he volunteered his services and with what results?

Mr. K. Krishna Warriar.—(1) The Agricultural Inspector (at the Vyttila Cocoanut Farm) has jurisdiction over the whole of the Cochin-Kanayannur Taluk. Besides the charge of

LIBRARY ARCHIVES Kerala Legislative Assembly